**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 563** — **12.06.2012–ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസ്- നീന്തൽക്കുളത്തിനായി കേന്ദ്രസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. എം. ഷാജി** | | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും സഹായധനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതേ വരെ ലഭിച്ചു എന്നും അതിൽ എത്ര ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. ഇതുവരെ അധിക കേന്ദ്ര സഹായമായി 62.78 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 31-05-2012 വരെ 52.55 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയിൽ നിന്ന് തിരുവനന്തപുരം വാട്ടർ വർക്സ് സ്വിമ്മിംഗ് പൂളിന്റെ നവീകരണത്തിനും, പുതിയ കുളം നിർമ്മിക്കുന്നതിനും എത്ര തുക നൽകുകയും ചെലവഴിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുമോ; | (ബി) | പുതിയ നീന്തൽക്കുളം നിർമ്മിക്കുവാനുദ്ദേശിച്ചിരുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന കൂറ്റൻ വാട്ടർ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി കേരളാ വാട്ടർ അതോറിറ്റിയ്ക്ക് 1.5 കോടി രൂപ നൽകുകയും പ്രസ്തുത തുകയിൽ 76 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതുമാണ്. ഇതു കൂടാതെ പുതിയ നീന്തൽക്കുളത്തിനു വേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിനും നിലവിലുണ്ടായിരുന്ന നീന്തൽക്കുളം വീതികൂട്ടുന്നതിനുമായി കരാറുകാരന് 56.22 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ ഏതെങ്കിലും നീന്തൽക്കുളം തിരുവനന്തപുരത്ത് പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ പിരപ്പൻകോട് അന്തർദേശീയ നിലവാരത്തിലുള്ള നീന്തൽക്കുളം പ്രവർത്തന ക്ഷമമായിട്ടുണ്ട്. |
| (ഡി) | പ്രവർത്തനക്ഷമമായിരുന്ന നീന്തൽക്കുളം പൊളിച്ചത് എന്നാണ്; പുതിയ കുളം നിർമ്മിക്കും മുൻപ് അത് പൊളിച്ചതിന് ഉത്തരവാദികൾ ആരെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ? | | മുൻപ് ഉണ്ടായിരുന്ന നീന്തൽക്കുളത്തിന്റെ ഒരു ഭാഗം പൊളിച്ചു പുതുക്കി പണിയുന്ന പ്രവൃത്തി 05-02-2010 ന് ആരംഭിച്ചു. പുതിയ കുളം നിർമ്മിക്കുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന നീന്തൽക്കുളത്തിന്റെ ഒരു ഭാഗം പൊളിച്ചു പുതുക്കി പണിയുന്ന പ്രവൃത്തി ആരംഭിച്ചത് പദ്ധതിയുടെ കൺസൾട്ടന്റായ സി.ഇ.എസ്, കേരളാ വാട്ടർ അതോറിറ്റി, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് എന്നിവരുടെ തീരുമാന പ്രകാരവും നാഷണൽ ഗെയിംസ് എക്സിക്യൂട്ടീവ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നീ സമിതികളുടെ അംഗീകാരത്തോടുകൂടിയും ആണ്. |

സെക്ഷൻ ഓഫീസർ